# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1761** | **01/11/2019 -ൽ മറുപടിക്ക്**

**മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | **ഡോ.കെ.ടി.ജലീൽ ( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ പ്രളയത്തിൽ തകർന്നിട്ടുള്ളതും നിലവിൽ താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രളയത്തിൽ തകർന്ന മൂന്നാർ സർക്കാർ കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിലെ വർക്ക് ഷോപ്പ് കെട്ടിടത്തിൽ താത്ക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പെൺകുട്ടികൾക്ക് താത്ക്കാലിക മായി ശൗചാലയം നിർമ്മിക്കുന്നതിനുമായി 20 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 24,32,919/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ റൂഫിംഗ് ഭാഗത്തും, മുറ്റത്തും താത്ക്കാലിക ക്ലാസ്സ് മുറികൾ സജ്ജീകരിക്കുന്ന തിനുള്ള നടപടി പുരോഗമിക്കുന്നു. |
| (ബി) നിലവിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി താത്ക്കാലികമായി ലഭ്യമായിട്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കെട്ടിടം പൂർണ്ണമായും കോളേജിന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കെട്ടിടത്തിലെ മൂന്ന് മുറികൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ഉള്ള മുറികളിൽ ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നതിനാൽ ഈ വിഷയം കൂടി പരിഗണിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**